പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3423 — 14.03.2017-ൽ മറുപടിയ്ക്ക്

## അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമനത്തിനായി കാറ്റഗറി 551/2014 നമ്പർ പ്രകാരം 29.07.2015-ന് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചുവെങ്കിലും ഇതുവരെ അഭിമുഖവും മറ്റ് തുടർനടപടികളും സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയുടെ (കാറ്റഗറി നമ്പർ 551/2014) ചുരുക്കപ്പട്ടിക 29.07.2015-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്.<br>ടി തസ്തികയുടെ ചുരുക്കപ്പട്ടിക സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ സമർപ്പിച്ച പരാതികൾ, കോടതി ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ചുരുക്കപ്പട്ടികയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തേണ്ടി വന്നിട്ടുണ്ട്. കൂടാതെ ഉദ്യോഗാർത്ഥികൾ ഹാജരാക്കിയ പരിചയ സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് അനുഭവപ്പെട്ട ബുദ്ധിമുട്ട്, ചില ഉദ്യോഗാർത്ഥികൾ ഹാജരാക്കിയ പരിചയ സർട്ടിഫിക്കറ്റുകൾ വ്യാജമാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ ആയവ വീണ്ടും പരിശോധിക്കേണ്ടി വന്നത് തുടങ്ങിയ കാരണങ്ങളാലാണ് തുടർ നടപടികൾ വൈകിയത്.<br>ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവരിൽ നിന്നും യോഗ്യരായവരെ ഉൾപ്പെടുത്തി 2017 ഏപ്രിൽ മാസത്തോടു കൂടി അഭിമുഖ പരീക്ഷ പൂർത്തിയാക്കി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക എന്ന ലക്ഷ്യത്തോടെ പി.എസ്.സി തുടർ നടപടികൾ കൈക്കൊണ്ടു വരികയാണ്. |
| (ബി) | നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ? | | |

സെക്ഷൻ ഓഫീസർ